# കുഴൽവിളിയുടെ തേങ്ങൽ

ഡോ. എൻ. രാജൻ

അനുഷ്ഠാനകലകളിൽ അന്തർലീനമായ മാതൃത്വസങ്കല്പത്തെ ‘പൂതപ്പാട്ടിൽ’ ഇടശ്ശേരി തോറ്റിയുണർത്തുന്നു. മകരക്കൊയ്ത്തു കഴിഞ്ഞ് പാടങ്ങൾ ഉണങ്ങിവരണ്ടു കിടക്കുന്ന നാളുകളിലാണ് മലബാർ ഗ്രാമങ്ങളിലെ കാവുകളിൽ ഉത്സവങ്ങൾ കൊണ്ടാടാറുള്ളത്. ഉത്സവങ്ങളോടനുബന്ധിച്ച് നടക്കാറുള്ള അനുഷ്ഠാനമാണ് പൂതത്തിന്റെ എഴുന്നള്ളത്ത്. വീടുകൾ തോറും കയറിയിറങ്ങുന്ന പൂതത്തെ നെല്ലും മുണ്ടും മററും നൽകി വീട്ടുകാർ സന്തോഷിപ്പിക്കുന്നു. ഈ അനുഷ്ഠാനത്തെ സംബന്ധിക്കുന്ന കവിയുടെ വ്യാഖ്യാനവും വിശകലനവുമാണ് ‘പൂതപ്പാട്ടി’ന്റെ ഇതിവൃത്തത്തെ മെഞ്ഞെടുക്കുന്നത്. കുട്ടിക്കാലത്ത് കേട്ടു ശീലിച്ച അദ്ഭുതകഥകളിൽ നിറഞ്ഞുനിന്ന അതിമാനുഷ കഥാപാത്രങ്ങൾ ഇടശ്ശേരിയുടെ അനുഭവസമ്പന്നതയായിരുന്നു. ‘പൂതപ്പാട്ടി’ന്റെ ആമുഖവചനങ്ങളിൽ അദ്ദേഹം അതേററുപറയുന്നുണ്ട്. ഗ്രീഷ്മാരംഭത്തോടു കൂടി എല്ലാ വീടുകളിലും തുടികൊട്ടും കുഴൽവിളിയുമായി കയറിവരുന്ന വിവിധവേഷക്കാരായ പൂതങ്ങളെ അദ്ദേഹം പ്രത്യേകം പരാമർശിക്കുന്നുണ്ട്. ‘മറ്റാരോടുമില്ലാത്ത മമതയും വേഴ്ചയും ഈ കഥാപാത്രങ്ങളോട് തനിക്കുണ്ടായിരുന്നെ’ന്നും ഇടശ്ശേരി വ്യക്തമാക്കുന്നു. കണ്ടുംകേട്ടും പരിചയിച്ച നുറുങ്ങുകഥകളുടെയും സംഭവങ്ങളുടെയും അടരുകളിലൂടെ കവിഭാവന കടന്നുകയറുന്നു. അവയെ കേന്ദ്രീകരിച്ച് ഒരു ദേവതാസങ്കല്പത്തിനു രൂപംകൊടുക്കുന്നു. അങ്ങനെ പുരാവൃത്തത്തെ ആസ്പദമാക്കിയുള്ള ഒരു കാവ്യാഖ്യാനം മലയാള കവിതയിൽ അവതരിക്കുന്നു: അതാണ് ‘പൂതപ്പാട്ട്’.

നാടകീയതയാണ് ‘പൂതപ്പാട്ടി’ന്റെ മുഖമുദ്ര. നിരവധി നാടകീയ മുഹൂർത്തങ്ങൾ സൃഷ്ടിക്കുകയും ആഖ്യാനത്തിലൂടെ അവയെ കോർത്തിണക്കുകയും ചെയ്യുന്ന ഒരു ശില്പഘടനയാണ് ഈ കൃതിക്കുള്ളത്. സ്വന്തം സഹോദരിയുടെ കഥാകഥനരീതി അവലംബിച്ചാണ് കവി രചന നിർവഹിച്ചിരിക്കുന്നത്. തെക്കൻ മലബാറിലെ ഒരു ഗ്രാമീണ സന്ധ്യയിൽനിന്നാണ് കവിത ആരംഭിക്കുന്നത്. വിളക്കുവച്ച് സന്ധ്യാവന്ദനവും കഴിഞ്ഞ് അത്താഴത്തിനും ഉറക്കത്തിനും കാത്തിരിക്കുന്ന കുട്ടികളുടെ മനസ്സുകളിലേയ്ക്ക് ഒരു കഥയായി ‘പൂതപ്പാട്ട്’ അവതരിക്കുന്നു. തുടികൊട്ടിന്റെയും ചിലമ്പൊലിയുടെയും അകമ്പടിയോടെ കടന്നുവരുന്ന പൂതത്തിന്റെ രൂപവർണനയാണ് ആദ്യം നടത്തുന്നത്. പിച്ചളത്തോടയും, പണ്ടങ്ങളും, ചായക്കിരീടവും വെള്ളപ്പാവാടയുമണിഞ്ഞ് നൃത്തം ചെയ്തുവരുന്ന പൂതത്തെ ചൂഴ്ന്നുനിൽക്കുന്ന അലൗകികതയുടെ പരിവേഷം പ്രഥമചിത്രത്തിൽ തന്നെ പ്രകടമാകുന്നുണ്ട്, കുട്ടികളുടെ മുന്നിൽ അവതരിപ്പിക്കുന്ന പൂതത്തിന്റെ വാങ്മയചിത്രം കൗതുകമുണർത്തുന്ന ഒന്നാണ്. ഈ അവതരണത്തിനുശേഷം പുരാവൃത്തത്തിലേയ്ക്കു കടക്കുകയാണ്. പൂതത്തിന്റെ അദ്ഭുതകൃത്യങ്ങളും ക്രൂരകർമങ്ങളും വിവരിക്കുന്നു. പറയന്റെ കുന്നിന്റെ ചെരിവിലുള്ള പാറക്കെട്ടിന്നടിയിൽ കിളിവാതിലിലൂടെ പുറത്തേയ്ക്കു തുറുകണ്ണുംപായിച്ചു വസിക്കുന്നു. പൈക്കളെ മേയ്ക്കുന്ന ചെക്കന്മാർ പച്ചിലപ്പൂന്തണലിൽ മയങ്ങുമ്പോൾ പശുവിന്റെ പാൽ കുടിക്കുന്നു. സന്ധ്യാസമയത്തു ബന്ധുഗൃഹങ്ങളിലേക്ക് ഉഴറി നടക്കുന്നവരെ അകലേയ്ക്കു വഴി തെററിച്ചുകൊണ്ടുപോയി താംബൂലം വാങ്ങുന്നു. മുറുക്കിയതിനുശേഷം തെച്ചിപ്പൊന്തകളിലേയ്ക്കു പാറ്റി തുപ്പുന്നു. പാതിരയുടെ മച്ചുകളിൽ നിറയെ മായാദീപം കത്തിക്കുന്നു. വഴിവക്കിൽ മുടിയഴിച്ചിട്ടുനിന്ന് നേരം തെറ്റിവരുന്ന യുവാക്കളെ ആകർഷിച്ച് ഏഴുനിലമാളികയായി തോന്നുന്ന കരിമ്പനയിലേറ്റി കുരലിൽവച്ച്, തഴുകിയുറക്കി അവരുടെ ചോരകുടിക്കുന്നു. ഇങ്ങനെയൊക്കെയുള്ള ‘അസത്തുപൂത’ത്തിന് നെല്ലും മുണ്ടും ഒക്കെ കൊടുക്കുന്നത് എന്തിനാണെന്ന് സംശയിക്കാം. അതൊക്കെ പൂതത്തിന്റെ ഭൂതകാലവിക്രിയകളാണെന്നും ഇപ്പോൾ അതൊരു പാവമാണെന്നും, എപ്പോഴും വ്യസനിച്ചു നടക്കുകയാണെന്നും വിശദീകരിക്കുന്നു. ആ വ്യസനത്തിന്റെ കാരണം ഒരു കഥയിലൂടെ വിളംബരപ്പെടുത്തുന്നു. അങ്ങനെയാണ് കഥ ചുരുൾ നിവരുന്നത്.

മാളിക വീട്ടിലെ നങ്ങേലി എന്ന സ്ത്രീക്ക് ആറ്റുനോറ്റുണ്ടായ ഉണ്ണിയെ അവൾ സ്നേഹിച്ചും ലാളിച്ചും താഴത്തും തലയിലും വയ്ക്കാതെ വളർത്തുന്നു. ഏഴു വയസ്സു കഴിഞ്ഞപ്പോൾ അണിയിച്ചൊരുക്കി പള്ളിക്കൂടത്തിലേയ്ക്കയയ്ക്കുന്നു. പൂതം വസിക്കുന്ന കുന്നിൻ ചരുവിലെ പാറക്കെട്ടിനരികിലൂടെവേണം ഉണ്ണിക്കു പോകുവാൻ. പൂതം കിളിവാതിൽ തുറന്നുനോക്കുമ്പോൾ കാണുന്നത് ഉല്ലാസപൂർവം നടന്നടുക്കുന്ന ഉണ്ണിയെയാണ്. ആറ്റിൽ ഒലിച്ചെത്തുന്ന ആമ്പൽപ്പൂപോലെയും ആടിക്കുഴഞ്ഞെത്തും അമ്പിളിക്കലപോലെയും പൊന്നുങ്കുടം പോലെയും പൂവമ്പഴം പോലെയും നടന്നെത്തുന്ന ഉണ്ണിയെക്കണ്ട് പൂതത്തിന്റെ ഉള്ളിൽ മാതൃഭാവം ഉണരുന്നു. അതൊരു പെൺകിടാവിന്റെ വേഷംപൂണ്ട് വഴിവക്കിൽ ഇറങ്ങിനിന്ന് ഉണ്ണിയെ കളിക്കാൻ ക്ഷണിച്ചു. പൂതത്തിന്റെ നിർബന്ധം മൂലം ഉണ്ണി തന്റെ ഇരുമ്പെഴുത്താണി ദൂരെയെറിയുന്നു. അതോടെ പൂതം ഉണ്ണിയെ കൂട്ടിക്കൊണ്ടുപോയി. അവർ പൂമരച്ചോട്ടിൽ പൂമാല കോർത്തുരസിച്ചിരുന്നു.

എഴുതാൻ പോയ കിടാവിനെ കാണാതെ പരിഭ്രാന്തയാകുന്ന അമ്മയുടെ ചിത്രമാണ് അടു

ത്തതായി അവതരിപ്പിക്കുന്നത്. ആറ്റിൻകരയിലുടനീളം അമ്മ ഉണ്ണിയെത്തേടി അലയുന്നു. മാതൃത്വത്തിന്റെ ആ നിലവിളി സർവചരാചരങ്ങളെയും സ്പർശിക്കുന്നുണ്ട്. പുഴയിൽ നീന്തിക്കുളിച്ചിരുന്ന മത്സ്യങ്ങൾ അതുകേട്ടു നിശ്ചലം നിന്നുപോകുന്നു. പൊത്തിൽനിന്നു പുറത്തുവന്ന നത്തുകൾ എന്താണു കാരണമെന്നന്വേഷിക്കുന്നു; പൂട്ടിമറിച്ചിട്ട മൺകട്ടകളിൽപ്പോലും ചുടുവീർപ്പുകളുയർന്നു. അമ്മയുടെ വിലാപം പൂതത്തിന്റെ ചെവിയിലും എത്തുന്നു. അമ്മയെ പേടിപ്പിച്ചോടിക്കാനായി പൂതത്തിന്റെ ശ്രമം. അതു പല തന്ത്രങ്ങളും പ്രയോഗിക്കുന്നു. പക്ഷേ, അതിനൊന്നും അമ്മയെ പിന്തിരിപ്പിക്കാനാവുന്നില്ല. 'തരികെന്റെ കുഞ്ഞിനെ' എന്ന ആവശ്യവുമായി അമ്മ പതറാതെ നിന്നു. പൊന്നും രത്നവും കിഴികെട്ടി നൽകി അമ്മയെ പ്രലോഭിപ്പിക്കാനായി പൂതത്തിന്റെ അടുത്തശ്രമം. എന്നാൽ, സ്വർണവും രത്നങ്ങളും നോക്കുകപോലും ചെയ്യാതെ തന്റെ രണ്ടു കണ്ണുകളും ചൂഴ്ന്നെടുത്ത് പൂതത്തിനു മുൻപിൽ കാഴ്ചവച്ച് അമ്മ പറയുന്നു:

"ഇതിലും വലിയതാണെന്റെ പൊന്നോമന
അതിനെ, തരികെന്റെ പൂതമേ നീ"

അമ്മ അന്ധയായിത്തീർന്നപ്പോൾ പൂതം മറെറാരു തന്ത്രം പ്രയോഗിച്ചു. തെച്ചിക്കോലു പറിച്ച് മന്ത്രം ജപിച്ച് മറെറാരുണ്ണിയെ നിർമിച്ച് അമ്മയ്ക്കു നൽകുന്നു. പൂതത്തിന്റെ കാപട്യം മനസ്സിലാക്കിയ അമ്മ അതിനെ ശപിക്കുന്നതിനുവേണ്ടി കൈകളുയർത്തുകയും ശാപവാക്കുകൾ ഉച്ചരിക്കാനൊരുങ്ങുകയും ചെയ്യുന്നു. പരാജയപ്പെടുന്ന പൂതം കീഴടങ്ങുകയാണ്. അത് ഉണ്ണിയെ അമ്മയ്ക്കു തിരികെ നൽകുന്നു. അമ്മയുടെ കണ്ണുകൾക്ക് മുമ്പത്തെപ്പോലെ കാഴ്ചശക്തി ഉണ്ടാവുമെന്ന് അരുളുന്നു. സന്തുഷ്ടയാവുന്ന അമ്മ. പക്ഷേ, പൂതത്തിന്റെ വ്യസനം മനസ്സിലാക്കുന്നു. എല്ലാ വർഷവും മകരക്കൊയ്ത്തു കഴിഞ്ഞ് തങ്ങളുടെ വീട്ടിലേയ്ക്ക് അമ്മ പൂതത്തെ ക്ഷണിക്കുന്നു. എന്നാൽ വീടേതാണെന്നു സൂചിപ്പിക്കുന്നില്ല. വീടേതാണെന്നറിഞ്ഞാൽ പൂതം വീണ്ടും ഉണ്ണിയെ അപഹരിച്ചാലോ എന്ന ഭയം കൊണ്ടാവാം അതു മറച്ചുവെച്ചത്. മകരകൊയ്ത്തു കഴിഞ്ഞാൽ പൂതം ഉണ്ണിയെ തിരക്കി ഓരോ വീടും കയറിയിറങ്ങുകയാണ്. പൂതത്തിന്റെ എഴുന്നള്ളത്തിനു പിന്നിൽ ഈ കഥയുടെ പൊരുളാണ് കവി സങ്കല്പിക്കുന്നത്.

ചില നാടകീയരംഗങ്ങൾ കോർത്തെടുത്ത് അവതരിപ്പിക്കുന്ന രീതിയിലാണ് 'പൂതപ്പാട്ടി'ന്റെ ഇതിവൃത്തസംവിധാനം നിർവഹിച്ചിരിക്കുന്നത്. ഇതിവൃത്തഘടനയിലെ മുഖ്യനാടകീയ സന്ദർഭങ്ങൾ ഇവയാണ്.

ഒന്ന്: ആമുഖം; പൂതത്തെ അവതരിപ്പിക്കുന്നു. പൂതത്തിന്റെ രൂപഭാവങ്ങൾ, വേഷവിതാനങ്ങൾ, ആടയാഭരണങ്ങൾ, വാദ്യഘോഷങ്ങൾ ഇവ വിശദമാക്കുന്നു.

രണ്ട്: പൂതത്തെ സംബന്ധിച്ച കേട്ടുകേൾവികൾ: പൂതത്തിന്റെ ആവാസകേന്ദ്രം. പൂതത്തിന്റെ വിക്രിയകൾ, അദ്ഭുതകർമങ്ങൾ, മാന്ത്രിക വിദ്യകൾ. ക്രൂരകർമങ്ങൾ- ഇവ വിശദമാക്കുന്നു.

മൂന്ന്: ഉണ്ണിയുടെ കഥ. ആറ്റിൻവക്കത്തെ മാളികവീട്ടിലെ നങ്ങേലിയ്ക്ക് ആറ്റുനോറ്റുണ്ടാകുന്ന ഉണ്ണിയെ അവൾ ലാളിച്ചു വളർത്തുന്നു. ഏഴു വയസ്സായപ്പോൾ ഉണ്ണിയെ അണിയിച്ചൊരുക്കി പള്ളിക്കൂടത്തിലേയ്ക്കയയ്ക്കുന്നു. പൂതം പാർക്കുന്ന കുന്നിന്നരികിലൂടെ പോകുന്ന ഉണ്ണിയെ പൂതം കാണുന്നു. ഉണ്ണിയിൽ കൗതുകം തോന്നിയ പൂതം ഒരു പെൺകിടാവിന്റെ രൂപം സ്വീകരിച്ച് അവനെ ആകർഷിച്ചു. ഇരുമ്പെഴുത്താണി എറിഞ്ഞുകളയാൻ പൂതം ഉണ്ണിയെ പ്രേരിപ്പിക്കുന്നു. അതു കളഞ്ഞപ്പോൾ പൂതം ഉണ്ണിയെ കൂട്ടിപ്പോകുന്നു.

നാല്: എഴുതാൻ പോയ ഉണ്ണി തിരിച്ചെത്താത്തതിൽ പരിഭ്രാന്തയായ അമ്മയുടെ മുഖം. ഉണ്ണിയെ വിളിച്ചു വിലപിച്ചുകൊണ്ട് അമ്മ അലയുന്നു. ഈ വിലാപം പൂതം കേൾക്കുന്നു.

അഞ്ച്: അമ്മയെ പേടിപ്പിച്ചോടിക്കാനുള്ള പൂതത്തിന്റെ ശ്രമം. എല്ലാ തന്ത്രങ്ങളെയും അമ്മ അതിജീവിക്കുന്നു. സ്വർണവും രത്നങ്ങളും നൽകി പൂതം അമ്മയെ പ്രലോഭിപ്പിക്കാൻ മുതിരുന്നു. അമ്മ തന്റെ കണ്ണുകൾ ചൂഴ്ന്നെടുത്ത് പൂതത്തിനു കാഴ്ചവെച്ച് ഉണ്ണിയെ തിരികെത്തരാൻ ആവശ്യപ്പെടുന്നു.

ആറ്: തെച്ചിക്കോൽ പറിച്ച് മന്ത്രം ജപിച്ച് മറ്റൊരുണ്ണിയെ നിർമിച്ച് പൂതം അമ്മയെ കബളിപ്പിക്കാനൊരുങ്ങുന്നു. പൂതത്തിന്റെ കാപട്യം മനസ്സിലാക്കിയ അമ്മ അതിനെ ശപിക്കാനൊരുങ്ങുന്നു. പൂതം കീഴടങ്ങുന്നു. ഉണ്ണിയെ തിരിച്ചു നൽകുന്നു.

പൂതത്തിന്റെ സഹതാപാർദ്രചിത്രം. മകരക്കൊയ്ത്തു കഴിഞ്ഞ് വീട്ടിൽ വരാനുള്ള അമ്മയുടെ ക്ഷണം, ആളുകളുടെ പരിഹാസവാക്കുകൾക്കിരയാകുന്നു പൂതത്തിന്റെ ദയനീയത - കവിയുടെ വാക്കുകൾ - ഇങ്ങനെ ഏഴു മുഖ്യ സന്ദർഭസൃഷ്ടിയിലൂടെ ഇതിവൃത്തം രൂപപ്പെടുത്തിയിരിക്കുന്നു. ഗദ്യത്തിലുള്ള വിവരണങ്ങളും സൂചനകളും നൽകി ആ സന്ദർഭങ്ങളെ പരസ്പരം ബന്ധപ്പെടുത്തിയിരിക്കുന്നു.

അനുഷ്ഠാന കലയിൽ ദേവതാസങ്കല്പമാണ് പൂതത്തിനുള്ളത്. അദ്ഭുതകൃത്യങ്ങളുടെയും അമാനുഷിക ശക്തിയുടെയും പ്രഭാവലയം ആ സങ്കല്പത്തെ ചൂഴ്ന്നു നിലകൊള്ളുന്നു. ഈ ദിവ്യ സങ്കല്പത്തിന്റെ ആർദ്രസാന്നിധ്യം പൂതത്തിൽ ചാർത്തിക്കൊടുക്കുന്നു. മാതൃവാത്സല്യത്തിന്റെ അടക്കാനാവാത്ത വികാരവിക്ഷോഭമാണ് ഇടശ്ശേരി പൂതത്തിൽ സന്നിവേശിപ്പിച്ചിരിക്കുന്നത്. അങ്ങനെ മനുഷ്യാതീത സങ്കല്പങ്ങളെ മനുഷ്യസഹജമായ യാഥാർഥ്യങ്ങൾ കീഴടക്കുന്ന അനുഭവമാണ് 'പൂതപ്പാട്ട്' കാഴ്ചവയ്ക്കുന്നത് എന്നു പറയാം. പള്ളിക്കൂടത്തിൽപ്പോകുന്ന ഉണ്ണിയെ കാണുമ്പോൾ പൂതത്തിൽ മാതൃവാത്സല്യം മുളപൊട്ടുന്നു. അതിന്റെ ഉള്ളിൽ 'ഒരിക്കിളി'

തോന്നുകയും, മാറത്ത് 'കോരിത്തരിക്കുക'യും ചെയ്യുന്നു. തന്റെ മനുഷ്യാതീത ശക്തി ഉപയോഗിച്ച് പൂതം ഒരോമനപെൺകിടാവായിമാറി ഉണ്ണിയെ വശീകരിക്കുന്നു. കേട്ടുകേൾവികളിൽ പൂതത്തിന്റെ സ്വഭാവസവിശേഷതയായി നിറഞ്ഞുനിൽക്കുന്നത് മനുഷ്യന്റെ ചോരകുടിക്കുന്ന ക്രൂരതയാണ്. ഇവിടെ യാഥാർത്ഥ്യമായനുഭവപ്പെടുന്നതാകട്ടെ അതിന്റെയുള്ളിൽ തിരയടിക്കുന്ന മാതൃവാത്സല്യമാണ്. ഉണ്ണിയെ തന്റെ വരുതിയിലാക്കുന്ന പൂതം അവനെ ഉപദ്രവിക്കാൻ ശ്രമിക്കുന്നുപോലുമില്ല. ഉണ്ണിയുമായി സല്ലപിക്കുകയും വിനോദിക്കുകയും മാല കോർത്തുരസിക്കുകയുമാണ്. അനുഷ്ഠാനത്തിലെ ദൈവികതയും ക്രൂരതയും മാനുഷ്യകതയും മാതൃവാത്സല്യവുമായി പരിവർത്തനം ചെയ്യപ്പെടുന്നു.

അമ്മയും പൂതവും പ്രതിനിധാനം ചെയ്യുന്നത് മാതൃവാത്സല്യത്തിന്റെ ഭിന്നമുഖങ്ങളെയാണ്. പെറ്റവയറിന്റെ ഉൽകണ്ഠയും സ്നേഹതീക്ഷ്ണതയുമാണ് അമ്മയിൽ നിറയുന്നത്. പൂതമാകട്ടെ തനിക്കന്യമായ മാതൃത്വത്തെ എത്തിപ്പിടിക്കാനൊരുങ്ങുകയാണ്; ലഭ്യമാകാതെ പോയ സൗഭാഗ്യത്തെ കൈവശപ്പെടുത്താനുഴലുകയാണ്. ഉണ്ണിയെ കാണാതെ നിലവിളിച്ചുകൊണ്ട് കാടും മേടും കയറിയിറങ്ങുന്ന അമ്മ പൂതത്തെ നേരിടുകയാണ്. കൈവിട്ടുപോയ ഉണ്ണിയെ വീണ്ടെടുക്കാനുള്ള അമ്മയുടെ വ്യഗ്രതയും, യാദൃച്ഛികമായി ലഭിച്ച ഉണ്ണിയെ നഷ്ടപ്പെടുത്താനാവില്ലെന്ന പൂതത്തിന്റെ പിടിവാശിയുമാണ് ഏററുമുട്ടുന്നത്. മനുഷ്യാതീതസിദ്ധികളുടെ പിൻബലത്തോടെയുള്ള പൂതത്തിന്റെ കടന്നാക്രമണങ്ങളെ മാതൃത്വത്തിന്റെ ഉള്ളുറപ്പുകൊണ്ടുമാത്രം അമ്മ അഭിമുഖീകരിക്കുകയും അതിജീവിക്കുകയാണ്.

"പേടിപ്പിച്ചോടിക്കാൻ നോക്കി പൂതം
പേടിക്കാതങ്ങനെ നിന്നാളമ്മ.
കാറ്റിൻ ചുഴലിയായ്ച്ചെന്നൂ പൂതം
കുറ്റികണക്കങ്ങുനിന്നാളമ്മ
കാട്ടുതീയായിട്ടുംചെന്നൂപൂതം
കണ്ണീരാലൊക്കെ കെടുത്താളമ്മ
നരിയായും പുലിയായും ചെന്നൂ പൂതം
തരികെന്റെ കുഞ്ഞിനെയെന്നാളമ്മ."

സ്വർണവും രത്നങ്ങളും നൽകി അമ്മയെ വശത്താക്കാനാണ് പൂതത്തിന്റെ അടുത്ത ഉദ്യമം. കണ്ണുകൾ ചൂഴ്ന്നെടുത്ത് പൂതത്തിനു സമർപ്പിക്കുന്ന അമ്മ ആത്മത്യാഗത്തിലൂടെ അമാനുഷതലത്തിലേയ്ക്കുയരുകയാണ്. അന്ധയായ അമ്മയെ കൗശലത്തിലൂടെ കബളിപ്പിക്കാനുള്ള പൂതത്തിന്റെ യത്നവും പരാജയപ്പെടുന്നു. സ്വന്തം കുഞ്ഞിനെ തിരിച്ചറിയാൻ ഒരമ്മയ്ക്ക് കണ്ണുകളോ കാഴ്ചശക്തിയോ വേണമെന്നില്ല. പെറ്റവയറിനെ വഞ്ചിക്കുന്ന പൂതത്തെ അമ്മ ശപിക്കാനൊരുങ്ങുന്നു. കൊടിയ ശാപത്തിനായി കൈകളുയർത്തുമ്പോഴേയ്ക്കും പൂതം കീഴടങ്ങുകയാണ്. ഇങ്ങനെ ഒരു സ്നേഹസംഗരത്തിന്റെ ചിത്രീകരണമാണ് പൂതപ്പാട്ടിൽ നിർവഹിക്കപ്പെടുന്നത്. മാതൃത്വത്തിന്റെ സ്നേഹതീവ്രതയ്ക്കും ആത്മസമർപ്പണസന്നദ്ധതയ്ക്കും മുന്നിൽ പൂതത്തിന്റെ മനുഷ്യാതീതശക്തിക്കു പരാജയം സമ്മതിക്കേണ്ടിവരുന്നു. ഉണ്ണിയെ തിരിച്ചുകിട്ടുന്ന അമ്മ സന്തോഷത്തോടെ മടങ്ങുന്നതു ചിത്രീകരിച്ചുകൊണ്ടു കവി കാവ്യം അവസാനിപ്പിക്കുന്നില്ല എന്നതു ശ്രദ്ധേയമാണ്. പിന്നീട് കവിമനസ്സ് പൂതത്തിന്റെ പക്ഷത്തേയ്ക്കു ചായുകയാണ്. അമ്മയുടെ കണ്ണുകളിൽ സന്തോഷം അലയടിക്കുമ്പോൾ പൂതത്തിന്റെ തുറകണ്ണുകൾ കണ്ണീർക്കയങ്ങളായിത്തീരുന്നു. അവ ചൊരിയുന്ന കണ്ണീർച്ചോല അമ്മയുടെ മനസ്സലിയിക്കുന്നു. ഓരോ ആണ്ടിലും മരകക്കൊയ്ത്തു കഴിയുമ്പോൾ പൊന്നുണ്ണിക്കു കുതുകമണയ്ക്കാനും തങ്ങളുടെ വീടിനു മംഗളമേകാനും വേണ്ടി വീട്ടിലേയ്ക്കു വരണമെന്ന് അമ്മ പൂതത്തെ ക്ഷണിക്കുന്നു. പൂതത്തിന്റെ മനസ്സിൽ മാതൃസഹജമായ ദുഃഖം അലമുറയിടുന്നത് അമ്മ തിരിച്ചറിയുന്നു. പൂതത്തിൽ നിന്നുള്ള ശാപത്തെ അമ്മ ഭയക്കുന്നു. അതോടൊപ്പം പൂതം വന്നാൽ ഇനിയും ഉണ്ണിയെ അപഹരിക്കുമോ എന്ന ഭയം അമ്മയെ അലട്ടുന്നുണ്ട്. വീട് കൃത്യമായി പറഞ്ഞുകൊടുക്കാത്തത് അതുകൊണ്ടാവാം എന്ന സംശയത്തിന് അടിവരയിട്ടുകൊണ്ടാണ് കാവ്യം അവസാനിക്കുന്നത്. ഇപ്പോഴും പൂതം ഉണ്ണിയെത്തേടി ഓരോ വീടും കയറിയിറങ്ങുന്നുവെന്നാണ് സങ്കല്പം. മരകക്കൊയ്ത്തു കഴിയുമ്പോൾ ഓരോ വീട്ടിലും കയറിയിറങ്ങി പൂതം ഗ്രാമപര്യടനം നടത്തുന്നതിന്റെ പൊരുൾ അതാണ്. ഉണ്ണിയോടുള്ള അമ്മയുടെയും പൂതത്തിന്റെയും സ്നേഹത്തെ കവി തുല്യ പ്രാധാന്യത്തോടെ കാണുന്നു. കവിതയുടെ അവസാന ഭാഗത്ത് പൂതത്തെ സഹതാപാർദ്രമായ കാഴ്ചപ്പാടോടെ കാണുന്നു. 'കുഞ്ഞിനെ വേണോ' എന്നു ചോദിച്ചുകൊണ്ടുള്ള ആളുകളുടെ പരിഹാസമേറ്റു തളരുന്ന പൂതത്തിന്റെ മനസ്സിൽ മാതൃത്വത്തിന്റെ കടലിരമ്പുന്നത് ആരും അറിയുന്നില്ല. പൂതത്തിന്റെ ആഗമനം വിളിച്ചറിയുക്കുന്ന കുഴൽ വിളിയിൽ അറിയപ്പെടാത്ത സ്നേഹത്തിന്റെ വിഹ്വലതകളാണുള്ളത്. പക്ഷേ, കുഴൽവിളിയുടെ തേങ്ങൽ ശ്രദ്ധിക്കപ്പെടാതെ പോകുന്നു. വ്യത്യസ്ത കോണുകളിൽനിന്നുകൊണ്ട് മാതൃത്വത്തിന്റെ ശക്തിസ്രോതസ്സുകളെ വീക്ഷിക്കുകയാണ് കവി. മാതൃത്വം സാഹോദര്യം തുടങ്ങിയ മാനുഷിക ഭാവങ്ങൾ ഇടശ്ശേരിക്കു പ്രിയപ്പെട്ട പ്രമേയങ്ങളാണ്. ഒരനുഷ്ഠാനത്തിന്റെ പശ്ചാത്തലത്തിൽ നിർവഹിക്കുന്നു മാതൃഭാവത്തിന്റെ ഹൃദയഹാരിയായ ആവിഷ്കാരമാണ് പൂതപ്പാട്ട്.